I ഇ.ബി. XIV - കേരള നിയമസഭ /IV-10

# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2017 മാർച്ച് 09, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I അടിയന്തരപ്രമേയം

### സദാചാര ഗുണ്ടായിസം

മി. സ്പീക്കർ: ലോക വനിതാ ദിനമായ ഇന്നലെ എറണാകുളം നഗരത്തിലെ മറൈൻ ഡ്രൈവിൽ പോലീസിനെയും മാധ്യമപ്രവർത്തകരെയും മുൻകൂട്ടി അറിയിച്ചുകൊണ്ട് ഒരുപറ്റം ശിവസേനാ പ്രവർത്തകർ പ്രകടനമായെത്തി നടത്തിയ സദാചാര ഗുണ്ടായിസം നിയന്ത്രിക്കാനോ അവിടെയുണ്ടായിരുന്ന യുവതീ-യുവാക്കളെ കയ്യേറ്റം ചെയ്യുതും അസഭ്യം പറഞ്ഞ് കടന്നാക്രമിക്കുകയും ചെയ്യുത് തടയാനോ പോലീസിന് കഴിയാതെപോയതും തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, കാലടി അഴീക്കൽ തുടങ്ങിയ സ്ഥലങ്ങളിലുൾപ്പെടെ സംസ്ഥാനത്ത് പലയിടത്തും നടക്കുന്ന ഇത്തരം സദാചാര ഗുണ്ടായിസത്തിന് മുമ്പിൽ പോലീസ് നോക്കുകുത്തിയായി മാറുന്ന സാഹചര്യവുംമൂലം ഉളവായിട്ടുള്ള അതീവ ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഹൈബി ഈഡൻ, പി. കെ. ബഷീർ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഇന്നലെ മറൈൻ ഡ്രൈവിൽ ശിവസേനാ പ്രവർത്തകർ പ്രകടനമായെത്തി സ്ത്രീകളെയും പുരുഷൻമാരെയും

അടിച്ചോടിക്കുകയും തടയാൻ ശ്രമിച്ചവരെ അസഭ്യം പറഞ്ഞ് ഭീഷണിപ്പെടുത്തുകയുമുണ്ടായി. പോലീസ് പിരിഞ്ഞുപോകാൻ ആവശ്യപ്പെട്ടിട്ടും അവർ ധിക്കരിച്ച് പ്രവൃത്തി തുടർന്നതിനാൽ 20 പേരെ പ്രതികളാക്കി കേസ് രജിസ്റ്റർ ചെയ്യുകയും എറണാകുളം സെൻട്രൽ പോലീസ് ഇൻസ്പെക്ടറെ അന്വേഷണച്ചുമതല ഏൽപ്പിക്കുകയും ചെയ്തു. 8 പ്രതികളെ അറസ്റ്റ് ചെയ്യുകയും ബാക്കിയുള്ളവരെ കണ്ടെത്തുന്നതിനുള്ള ഊർജ്ജിത ശ്രമം നടത്തിവരികയുമാണ്. പ്രസ്തുത കേസിൽ പോലീസ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ച കണക്കിലെടുത്ത് എറണാകുളം സെൻട്രൽ പോലീസ് സബ് ഇൻസ്പെക്ടറെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്യുകയും മറ്റ് പോലീസ് ഉദ്യോഗസ്ഥരെ ശിക്ഷാനടപടിയുടെ ഭാഗമായി ജില്ലാ സായുധസേനാ ക്യാമ്പിലേയ്ക്ക് സ്ഥലം മാറ്റുകയും ചെയ്തിട്ടുണ്ട്. 09-02-2017-ൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലുണ്ടായ സംഭവത്തിലും കാലടി സർവ്വകലാശാല യുവജനോത്സവം കണ്ടുമടങ്ങിയ പൂർവ്വവിദ്യാർത്ഥികളെ ആക്രമിച്ച സംഭവത്തിലും കേസെടുത്തിട്ടുണ്ട്. 14/2/2017-ന് അഴീക്കൽ ബീച്ച് സന്ദർശിച്ച യുവതിയെയും യുവാവിനെയും ആക്രമിച്ച സംഭവത്തിൽ ഓച്ചിറ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അഞ്ചു പ്രതികളെ അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്യുകയുണ്ടായി. പ്രസ്തുത സംഭവത്തിന്റെ വീഡിയോ സോഷ്യൽ മീഡിയയിൽ പ്രചരിപ്പിച്ചതിനെത്തുടർന്ന് ആത്മഹത്യ ചെയ്ത അനീഷിന്റെ പിതാവിന്റെ

പരാതിയുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്യുകയും ആത്മഹത്യാകുറിപ്പിലെ വെളിപ്പെടുത്തലിനെത്തുടർന്ന് മരണത്തിനുത്തരവാദികളായ ധനേഷ്, രമേഷ് എന്നിവരെ പ്രതികളാക്കി ഐ.പി.സി. 306 ആയി ഭേദഗതി വരുത്തി കേസന്വേഷണം തുടരുന്നു. സംസ്ഥാനത്ത് സദാചാര പോലീസ് ചമഞ്ഞ് അക്രമം നടത്തുന്ന സംഘടനകളെയും ചെറുസംഘങ്ങളെയും നിരീക്ഷിക്കുന്നതിനും തടയുന്നതിനുമായി പോലീസ് പട്രോളിംഗ് ഏർപ്പെടുത്തുകയും വനിതാ പോലീസിനെയുൾപ്പെടെ ബസ് സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ തുടങ്ങിയ പൊതു സ്ഥലങ്ങളിൽ നിയോഗിച്ചും പ്രവർത്തനം കാര്യക്ഷമമായി നടത്തിവരുന്നു. കൂടാതെ ജനമൈത്രി ജാഗ്രതാ സമിതിയും ജനമൈത്രി പോലീസും സ്റ്റുഡന്റ് പോലീസ് കേഡറ്റും ഇക്കാര്യത്തിൽ ജാഗ്രത പുലർത്തുന്നുണ്ട്. സ്കൂൾ, കോളേജ് തലങ്ങളിൽ ബോധവത്കരണവും വനിതകൾക്ക് സ്വയം പ്രതിരോധ പരിശീലനവും നടത്തിവരുന്നു. സദാചാര പോലീസ് ചമഞ്ഞ് അക്രമം നടത്തുന്നവർക്കെതിരെയും അക്രമം തടയുന്നതിൽ വീഴ്ചവരുത്തുന്ന പോലീസുകാർക്കെതിരെയും ശക്തമായ നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. ഹൈബി ഈഡൻ</u>: കേരള സംസ്കാരത്തെ അധിക്ഷേപിക്കുന്ന സംഭവമാണ് എറണാകുളം മറൈൻ ഡ്രൈവിലുണ്ടായത്. എല്ലാ മാധ്യമങ്ങളെയും അറിയിച്ചുകൊണ്ടാണ് ശിവസേനാ പ്രവർത്തകർ മറൈൻ ഡ്രൈവിലുണ്ടായിരുന്ന

യുവതീ-യുവാക്കളെ അക്രമിക്കുകയും അധിക്ഷേപിക്കുകയും ചെയ്തത്. ഇത് പോലീസ് ഇന്റലിജൻസ് വിഭാഗത്തിന്റെ കാര്യക്ഷമതയില്ലായ്മയാണ് സൂചിപ്പിക്കുന്നത്. അക്രമം നടക്കുമ്പോൾ പോലീസ് നിഷ്ക്രിയരായിരുന്നു. കേരളത്തിൽ സദാചാര ഗുണ്ടായിസ പരമ്പര തുടർന്നുകൊണ്ടിരിക്കുകയാണ്. മറൈൻ ഡ്രൈവിൽ നടന്ന സംഭവങ്ങൾ റെക്കോർഡ് ചെയ്ത ശിവസേനാ പ്രവർത്തകന്റെ മൊബൈൽ ഫോൺ പിടിച്ചെടുക്കാൻ പോലീസ് ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇത്തരം വിഷയങ്ങൾ സാമൂഹ്യമാധ്യമങ്ങളിൽ പ്രചരിപ്പിക്കുന്നതിനെതിരെ കർശന നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ പെൺകുട്ടികളെ ക്രൂരമായി മർദ്ദിച്ച എസ്.എഫ്.ഐ. വിദ്യാർത്ഥികളെ അറസ്റ്റ് ചെയ്യാൻ സർക്കാർ തയ്യാറായിട്ടില്ല. സ്ത്രീ പീഡനക്കേസ്സിലെ പ്രതി സദാചാര ഗുണ്ട ചമഞ്ഞ് മറൈൻ ഡ്രൈവിൽ എത്തിയ വിവരം പോലീസിന് ലഭിച്ചില്ലെന്നത് ആഭ്യന്തര വകുപ്പിന്റെ ഏറ്റവും വലിയ വീഴ്ചയാണ്. ഇത്തരം വിഷയങ്ങളിൽ പോലീസുകാരെ സ്ഥലം മാറ്റുന്നതിലുപരി കാര്യക്ഷമമായ ഒരു നടപടിയുമുണ്ടാകുന്നില്ല. ആക്രമിക്കപ്പെടുന്ന ഇരയ്ക്ക് നീതി ലഭിക്കാത്ത സാഹചര്യമാണ് സംസ്ഥാനത്തുള്ളത്. സദാചാര ഗുണ്ടായിസവുമായി ബന്ധപ്പെട്ട് കേരളത്തിൽ നടക്കുന്ന ഗുരുതരമായ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : 08.03.2017-ന് എറണാകുളം മറൈൻ ഡ്രൈവിൽ ശിവസേനാ പ്രവർത്തകർ നടത്തിയ അക്രമം കേരളത്തിനാകെ അപമാനകരമാണ്. സംഭവസ്ഥലത്ത് ഡ്യൂട്ടിയിലുണ്ടായിരുന്ന സബ് ഇൻസ്പെക്ടറടക്കമുള്ള പോലീസ് സംഘം കാര്യക്ഷമമായി ഇടപെടാത്തതിന്റെ ഗൗരവം കണക്കിലെടുത്താണ് അന്വേഷണ വിധേയമായി സബ് ഇൻസ്പെക്ടറെ സസ്പെന്റ് ചെയ്യുകയും മറ്റുള്ളവരെ സ്ഥലംമാറ്റുകയും ചെയ്തിട്ടുള്ളത്. രാഷ്ട്രീയക്കാർക്കെതിരെ 'കാപ്പ' നിയമം ഉപയോഗിക്കില്ലെന്ന നിലപാട് സദാചാര ഗുണ്ടകൾക്ക് ബാധകമാക്കില്ലെന്നുമാത്രമല്ല, അത്തരക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതുമാണ്. ഇത്തരത്തിൽ അക്രമം നടക്കുന്ന സ്ഥലങ്ങളിൽ പോലീസിന്റെ ശക്തമായ ഇടപെടലുണ്ടാകേണ്ടതാണ്. സംസ്ഥാനത്ത് ഒരു തരത്തിലുമുള്ള സദാചാര ഗുണ്ടാപ്രവർത്തനവും അനുവദിക്കില്ല. സ്ത്രീയെ അടിച്ചമർത്താൻ വ്യഗ്രത കാണിക്കുന്ന വർഗ്ഗീയ പ്രേരിതമായ സദാചാര ഗുണ്ടായിസം ഇവിടെ അനുവദിക്കില്ല. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): നിരവധി പീഡന

സംഭവങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിലാണ് ഇന്നലെ മറൈൻ ഡ്രൈവിൽ സംസാരിച്ചുകൊണ്ടിരുന്ന ആൺകുട്ടികളേയും പെൺകുട്ടികളേയും ശിവസേനാ പ്രവർത്തകർ ചൂരൽ കൊണ്ട് അടിച്ചോടിച്ചുവെന്ന വാർത്ത വന്നത്. ഇത് സാംസ്കാരിക കേരളത്തിന് അപമാനകരമാണ്. സംസ്ഥാനത്ത് സാമൂഹ്യവിരുദ്ധരും സദാചാരഗുണ്ടകളും അഴിഞ്ഞാടുകയാണ്. ഈ സംഭവത്തിൽ പോലീസ് മൂകസാക്ഷികളായിരുന്നതല്ലാതെ ഒരു നടപടിയും സ്വീകരിച്ചില്ല. ഇന്റലിജൻസ് റിപ്പോർട്ടനുസരിച്ച് മറൈൻ ഡ്രൈവിലെത്തിയ പോലീസ് കുട്ടികളുടെ അഡ്രസ് വാങ്ങിയശേഷം പറഞ്ഞുവിടുകയാണുണ്ടായത്. ബാനറുകളുയർത്തിപ്പിടിച്ച് പ്രകടനമായെത്തിയ ശിവസേനാ പ്രവർത്തകർ കുട്ടികളോട് നിന്ദ്യമായി പെരുമാറിയിട്ടും എസ്.ഐ.-യും പോലീസുകാരും അവരെ സംരക്ഷിക്കുകയാണുണ്ടായത്. ലജ്ജകൊണ്ട് തലകുനിക്കേണ്ട സംഭവമാണിത്. ഇത്തരം ഫാസിസ്റ്റ് നടപടികൾ കേരളത്തിൽ അനുവദിക്കാൻ പാടില്ല. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ കുട്ടികളെ ആക്രമിച്ച എസ്.എഫ്.ഐ. പ്രവർത്തകരെ അറസ്റ്റ് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടില്ല. ഗുരുവായൂർ അമ്പലത്തിലെ ഉത്സവത്തിന് ചാവക്കാട് നിന്നും പണം കൊടുത്ത് വാങ്ങിക്കൊണ്ടുവന്ന 15000 ലിറ്റർ വെള്ളം സദാചാര ഗുണ്ടകൾ എസ്.ഐ.-

യുടെ സാന്നിധ്യത്തിൽ ഒഴുക്കിക്കളയുകയുണ്ടായി.

ശ്രീ. പിണറായി വിജയൻ: ഇക്കാര്യം അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: കണ്ടാനശ്ശേരിയിൽനിന്നും വെള്ളം എത്തിക്കാനുള്ള തർക്കമുണ്ടായപ്പോൾ കളക്ടർ ഇടപെട്ട് തടസ്സം നീക്കിയിരുന്നു. വെള്ളം കൊണ്ടുവരുന്നതിന് തടസ്സം നിന്നത് കോൺഗ്രസ് പാർട്ടിയിൽപ്പെട്ട രണ്ട് കൗൺസിലർമാരായിരുന്നു.

ശ്രീ. രമേശ് ചെന്നിത്തല: ചാവക്കാട് നിന്ന് ഗുരുവായൂർ അമ്പലത്തിലേയ്ക്ക് കൊണ്ടുപോയ പതിനയ്യായിരം ലിറ്റർ വെള്ളം സദാചാര ഗുണ്ടകൾ കണ്ടാനശ്ശേരി എസ്.ഐ.-യുടെ സാന്നിധ്യത്തിൽ ഒഴുക്കിവിട്ടത് ഗവൺമെന്റ് ഗൗരവത്തോടെ കാണേണ്ടതാണ്. ഗുരുവായൂർ ദേവസ്വം ചെയർമാൻ പറഞ്ഞതനുസരിച്ചാണ് ഈ വിഷയം ഇവിടെ ഉന്നയിച്ചത്. ദേവസ്വം വകുപ്പുമന്ത്രിയെയും ഇക്കാര്യം അറിയിച്ചതായാണ് മനസ്സിലാക്കുന്നത്. ഒരു തുള്ളി വെള്ളത്തിനുവേണ്ടി കേഴുന്ന കേരളത്തിൽ പതിനയ്യായിരം ലിറ്റർ വെള്ളം ഒഴുക്കിവിട്ടത് ന്യായീകരിക്കാവുന്നതല്ല. പോലീസിന്റെ അനാസ്ഥ ഗവൺമെന്റിന്റെ കെടുകാര്യസ്ഥതയെയാണ് സൂചിപ്പിക്കുന്നത്. സദാചാര ഗുണ്ടായിസത്തിന്റെ പേരിൽ സ്ത്രീകൾക്കും

കുട്ടികൾക്കും സഞ്ചാര സ്വാതന്ത്ര്യം പോലും നഷ്ടപ്പെട്ടിരിക്കുന്നു. മറൈൻ ഡ്രൈവിൽ ഇന്നലെയുണ്ടായ സംഭവം ഒരിക്കലും അംഗീകരിക്കാൻ കഴിയുകയില്ല. ശിവസേന ഉൾപ്പെടെയുള്ള സദാചാര പോലീസ് സാംസ്കാരിക പൈതൃകത്തിന് വെല്ലുവിളി ഉയർത്തുന്നത് കണ്ടില്ലെന്ന് നടിക്കാനാവില്ല. ശക്തമായ നടപടിയിലൂടെ മാത്രമേ സദാചാര ഗുണ്ടകളെ നിയന്ത്രിക്കാൻ കഴിയുകയുള്ളൂ. അക്കാര്യത്തിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. ഇതിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു.

(സദാചാര ഗുണ്ടകളെ നിയന്ത്രിക്കുന്നതിൽ ഗവൺമെന്റ് പരാജയപ്പെട്ടുവെന്ന് ആരോപിച്ചുകൊണ്ട് യു.ഡി.എഫ്. അംഗങ്ങൾ നടുത്തളത്തിൽ ഇറങ്ങി മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): ഗുരുവായൂർ ദേവസ്വം ചെയർമാൻ ശ്രീ. പീതാംബരക്കുറുപ്പ് ഇന്ന് രാവിലെയാണ് ഈ സംഭവം എന്നെ അറിയിച്ചത്. ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാമെന്ന് ഞാൻ അദ്ദേഹത്തെ അറിയിച്ചിട്ടുണ്ട്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: ഗുരുവായൂർ അമ്പലത്തിലേയ്ക്കും ഹോട്ടലുകളിലേയ്ക്കും റെസ്റ്റോറന്റുകളിലേയ്ക്കും തൈക്കാട് പ്രദേശത്തുനിന്ന് വെള്ളം കൊണ്ടുവന്നിരുന്നത് യു.ഡി.എഫ്. കൗൺസിലർമാരുടെ നേതൃത്വത്തിൽ തടഞ്ഞതിനെത്തുടർന്ന് കഴിഞ്ഞ 7-ാം തീയതി റെസ്റ്റോറന്റുകളും ഹോട്ടലുകളും

തുറക്കില്ലെന്ന് ഉടമകൾ പ്രഖ്യാപിക്കുകയുണ്ടായി. അതിനെത്തുടർന്ന് തൃശ്ശൂർ ജില്ലാ കളക്ടറുമായും നഗരസഭാ അധികൃതരുമായും ബന്ധപ്പെടുകയും കളക്ടർക്ക് നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 6-ാം തീയതി ഒരു കാരണവശാലും ഗുരുവായൂരിലേയ്ക്കുള്ള വെള്ളം തടയാൻ പാടില്ലെന്ന് പറഞ്ഞ് ഉത്തരവിറക്കുകയും ചെയ്തു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഇന്നലെ മറൈൻ ഡ്രൈവിൽ നടന്ന സംഭവത്തിൽ ശിവസേനാ പ്രവർത്തകരെ വാടകയ്ക്ക് എടുത്തതാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

('ശിവസേനാ പ്രവർത്തകരെ വാടകയ്ക്കെടുത്തതാണോ' എന്ന മുഖ്യമന്ത്രിയുടെ പരാമർശത്തിൽ പ്രതിഷേധിച്ച് നടുത്തളത്തിലിറങ്ങി മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസ്സിനുമുന്നിലും ചില ഭരണപക്ഷാംഗങ്ങൾ മുഖ്യമന്ത്രിയുടെ സീറ്റിനരുകിലും വന്നുനിന്ന് ബഹളം വയ്ക്കുകയും ചെയ്തതിനാൽ രാവിലെ 10.26-ന് സഭ അല്പസമയത്തേയ്ക്ക് നിർത്തിവച്ചു.)

(രാവിലെ 10.26-ന് നിർത്തിവച്ച സഭ 11.35-ന് പുന:രാരംഭിച്ചു.)

മി. സ്പീക്കർ: അടിയന്തരപ്രമേയാവതരണത്തിനുള്ള അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ചുള്ള വാക്കൗട്ട് പ്രസംഗം നടത്തുന്നതിനിടയിൽ സഭയിലുണ്ടായ സംഭവങ്ങൾ തികച്ചും നിർഭാഗ്യകരമാണ്. ബഹുമാനപ്പെട്ട അംഗങ്ങളുടെ

പ്രസംഗങ്ങളിലും പ്രവൃത്തികളിലും സംയമനം പാലിക്കുന്നതിൽ വ്യതിയാനമുണ്ടാകുന്ന സന്ദർഭങ്ങളിൽ ചെയർ ഇടപെടുന്നുവെന്നല്ലാതെ ഒരിക്കലും പക്ഷപാതപരമായ നിലപാട് സ്വീകരിക്കാറില്ല. സഭാനടപടികൾ ശരിയായ നിലയിൽ നടത്തിക്കൊണ്ടുപോകുന്നതിനാണ് ചെയർ എപ്പോഴും പ്രാമുഖ്യം നൽകുന്നത്. ഏതെങ്കിലും സാഹചര്യത്തിൽ സഭയിൽ ചെയർ എഴുന്നേറ്റാലുടൻ തന്നെ അംഗങ്ങൾ അവരവരുടെ സീറ്റിൽ ഇരിക്കേണ്ടതാണെന്നുള്ള പെരുമാറ്റച്ചട്ട ലംഘനം നടന്നിരിക്കുകയാണ്. സഭാനടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകാൻ സാധിക്കാത്ത സാഹചര്യമുണ്ടായാൽ നിയമസഭയുടെ അന്തസ് നഷ്ടപ്പെടും. അത്യന്തം നിർഭാഗ്യകരമായ ഇത്തരം സംഭവങ്ങൾ ഒഴിവാക്കുന്നതിനുള്ള ഉത്തരവാദിത്തവും ധാർമ്മികതയും അംഗങ്ങൾ പാലിക്കണം. സഭാനടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകാൻ എല്ലാ അംഗങ്ങളും സഹകരിക്കണം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ഗുരുവായൂർ ക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ടാങ്കർ ലോറിയിൽ കൊണ്ടുവന്ന 15000 ലിറ്റർ വെള്ളം എസ്.ഐ.-യുടെ സാന്നിധ്യത്തിൽ ഒഴുക്കിവിട്ടുവെന്ന ഗുരുതരമായ പ്രശ്നം സഭയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽപ്പെടുത്തുകയാണുണ്ടായത്. കൊച്ചിയിലെ മറൈൻ ഡ്രൈവിൽ

ഇന്നലെയുണ്ടായ സംഭവവുമായി ബന്ധപ്പെട്ട് സഭാനാഥനായ മുഖ്യമന്ത്രി പ്രതിപക്ഷാംഗങ്ങൾക്കെതിരെ ഉന്നയിച്ച ആക്ഷേപം പിൻവലിക്കാൻ തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഗുരുവായൂർ ക്ഷേത്രത്തിൽ കുടിവെള്ളമെത്തിക്കുന്നതുമായി ബന്ധപ്പെട്ട് പ്രതിപക്ഷനേതാവ് ഇവിടെ ഉന്നയിച്ചിട്ടുള്ള കാര്യങ്ങൾ വസ്തുതാപരമായി ശരിയല്ല. തൃശ്ശൂർ ജില്ലയിൽ ചൊവ്വല്ലൂർപ്പടിയിലെ പത്തോളം കുഴൽ കിണറുകളിൽനിന്നും വ്യാവസായികാടിസ്ഥാനത്തിൽ ടാങ്കർ ലോറികളിൽ കുടിവെള്ളം കൊണ്ടുപോകുന്നതിനെതിരെ നാട്ടുകാരുടെ എതിർപ്പുണ്ടാകുകയും ഗുരുവായൂർ നഗരസഭ ഇക്കാര്യം ചർച്ച ചെയ്ത് 2000 ലിറ്റർ സംഭരണശേഷിയുള്ള ടാങ്കറുകളിൽ വെള്ളം കൊണ്ടുപോകുന്നതിന് സമവായത്തിലെത്തുകയും ചെയ്തു. ഇന്നലെ ദേവസ്വം വക കരാറുകാർ 10000 ലിറ്ററിനു മുകളിൽ സംഭരണശേഷിയുള്ള ടാങ്കറിൽ വെള്ളമെടുക്കാൻ വന്നപ്പോൾ നാട്ടുകാരുടെ പ്രതിഷേധം ശക്തമായതിനെത്തുടർന്ന് പോലീസ് ഇടപെടുകയും സംഭരിച്ച ജലം ഒഴുക്കിക്കളഞ്ഞതിനുശേഷം വാഹനവുമായി തിരികെപ്പോകുകയും ചെയ്തു. കളക്ടറുടെ സാന്നിധ്യത്തിൽ നടത്തിയ ചർച്ചയിൽ ചെറിയ ടാങ്കറുകളിൽ ജലമെടുക്കുന്നതിന് നാട്ടുകാർ അനുവദിച്ചുവെങ്കിലും ഗുരുവായൂർ ദേവസ്വം തയ്യാറായില്ലെന്നതാണ് വസ്തുത. ശിവസേനാ പ്രവർത്തകർ മറൈൻ ഡ്രൈവിൽ നടത്തിയ അക്രമസംഭവവുമായി ബന്ധപ്പെട്ട് കൃത്യനിർവ്വഹണത്തിൽ

വീഴ്ചവരുത്തിയ എസ്.ഐ.-യെ സസ്പെന്റ് ചെയ്യുന്നതിനും കൂടെയുണ്ടായിരുന്ന മറ്റ് ഉദ്യോഗസ്ഥരെ സ്ഥലംമാറ്റുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. പരിധി ലംഘിച്ചുകൊണ്ട് സഭാനടപടികൾ സ്തംഭിപ്പിക്കുന്ന രീതിയിലുള്ള പ്രതിപക്ഷാംഗങ്ങളുടെ ഇടപെടൽ തികച്ചും നിർഭാഗ്യകരമാണ്.

(മുഖ്യമന്ത്രിയുടെ വിവാദ പരാമർശത്തിൽ പ്രതിഷേധിച്ച് പ്രസ്താവന നടത്തിയശേഷം യു.ഡി.എഫ്. അംഗങ്ങൾ ഒന്നടങ്കം മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭ ബഹിഷ്കരിച്ച് പുറത്തുപോയി. തുടർന്ന് ശ്രദ്ധക്ഷണിക്കലും സബ്മിഷനും റദ്ദ് ചെയ്യുന്നതായും ഉത്തരങ്ങൾ മേശപ്പുറത്ത് വയ്ക്കുന്നതോടൊപ്പം മെമ്പർമാർക്ക് ലഭ്യമാക്കണമെന്നും ചെയർ അറിയിക്കുകയും കാര്യവിവരപ്പട്ടികയിലെ തുടർ നടപടികളിലേയ്ക്ക് കടക്കുകയും ചെയ്തു.)

## II മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## III റിപ്പോർട്ട് സമർപ്പണം

(1) പൊതുമേഖലാസ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ പന്ത്രണ്ട് മുതൽ ഇരുപത്തിയൊൻപത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(2) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ

അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) സബ്ജക്ട് കമ്മിറ്റി V-ന്റെ 2016-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (സാധൂകരണം) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## IV ധനകാര്യം

### 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ അവതരിപ്പിക്കുകയും അവ പിന്താങ്ങപ്പെടുകയും ചെയ്തു.

ശ്രീ. കെ. ഡി. പ്രസേനൻ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഭരണപ്രതിപക്ഷ ഭേദമന്യേ എല്ലാ മണ്ഡലങ്ങൾക്കും ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടുണ്ട്. കിഫ്ബിയിലൂടെ പദ്ധതികൾക്കുള്ള പണം കണ്ടെത്തുകയെന്നതാണ് ഈ സർക്കാരിന്റെ നയം. സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കുമെന്നും പാവപ്പെട്ട 20 ലക്ഷം കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് കണക്ഷൻ നൽകുമെന്നുമുള്ള പ്രഖ്യാപനങ്ങൾ സ്വാഗതാർഹമാണ്. ഭക്ഷ്യധാന്യ വിതരണത്തിനായി റേഷൻ കടകളെ നവീകരിക്കുന്നതിന് 117 കോടി രൂപയും റേഷൻ സബ്സിഡിക്കായി 900 കോടി രൂപയും സിവിൽ സപ്ലൈസ്

കോർപ്പറേഷന് 200 കോടി രൂപയും കൺസ്യൂമർഫെഡിന് 150 കോടി രൂപയും ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. 45,000 ക്ലാസ് റൂമുകൾ ഹൈടെക് ആക്കുമെന്നും 140 സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുമെന്നും 1000 കുട്ടികളിൽ കൂടുതലുള്ള സർക്കാർ വിദ്യാലയങ്ങൾക്ക് 500 കോടി രൂപ അനുവദിക്കുമെന്നുമുള്ള പ്രഖ്യാപനങ്ങൾ അഭിനന്ദനാർഹമാണ്. കാർഷിക മേഖലയ്ക്കും നെല്ലുസംഭരണത്തിനും പൊതുമേഖലാസ്ഥാപനങ്ങളെ പ്രവർത്തനക്ഷമമാക്കുന്നതിനും ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

ശ്രീ. വി. ആർ. സുനിൽ കുമാർ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. എല്ലാ ജനവിഭാഗങ്ങളുടെയും പുരോഗതിയും സമഗ്രവികസനവും ലക്ഷ്യമിട്ടുകൊണ്ടുള്ള വികസനോന്മുഖമായ ബഡ്ജറ്റാണിത്. കേരളത്തിന്റെ ഉത്പാദന മേഖല വീണ്ടെടുക്കുന്നതിനും ഭക്ഷ്യോത്പാദനത്തിന് ഊന്നൽ നൽകുന്നതിനും പരിസ്ഥിതി സംരക്ഷിക്കുന്നതിനും സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനുമുള്ള നിർദ്ദേശങ്ങളാണ് ഈ ബഡ്ജറ്റിലുള്ളത്. അടിസ്ഥാന ജനവിഭാഗങ്ങളുടെ വികസനത്തിനായി പ്രഖ്യാപിച്ചിട്ടുള്ള ലൈഫ്, ആർദ്രം, ഹരിതകേരളം എന്നീ പദ്ധതികൾ എടുത്തുപറയേണ്ട നേട്ടങ്ങളാണ്. എല്ലാ സ്കൂളുകളും ഹൈടെക് ആക്കുന്നതിനും 1000 സ്കൂളുകൾ അന്താരാഷ്ട്ര

നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഭിന്നശേഷിക്കാർക്ക് സ്ഥിരം ജോലി നൽകുന്ന പദ്ധതി സ്വാഗതാർഹമാണ്. ഓട്ടിസം ബാധിച്ച കുട്ടികളുടെ മാതാപിതാക്കൾക്ക് ജോലി സംവരണവും വീട് നിർമ്മിച്ച് കൊടുക്കുന്നതിനുള്ള പരിഗണനയും നൽകണം. ഭിന്നശേഷിക്കാരായ വനിതകൾക്ക് തൊഴിൽ നൽകുന്നതിനുവേണ്ടി ഷെൽറ്റേർഡ് വർക്ക്ഷോപ്പുകൾ സ്ഥാപിക്കുന്നതും വയോജനങ്ങൾക്ക് അവശ്യസാധനങ്ങൾ നൽകുന്നതിന് സ്വയംപ്രഭ പദ്ധതി നടപ്പിലാക്കുന്നതും ട്രാൻസ്ജെൻഡർ വിഭാഗത്തിലുള്ളവർക്ക് തൊഴിൽ നൈപുണ്യ പരിപാടി നടപ്പിലാക്കുന്നതും സ്വാഗതാർഹമാണ്.

ശ്രീ. പി. ടി. എ. റഹീം: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ദുർബ്ബല ജനവിഭാഗങ്ങളോട് പ്രാമുഖ്യമുള്ള ഒരു ബഡ്ജറ്റാണിത്. പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമത്തിനായുള്ള 3351 കോടി രൂപയുടെ പ്രഖ്യാപനം സ്വാഗതാർഹമാണ്. ജനസംഖ്യയിൽ 9.1 ശതമാനം വരുന്ന പട്ടികജാതിക്കാർക്ക് പദ്ധതി അടങ്കലിന്റെ 9.81 ശതമാനമാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. വ്യത്യസ്ത വിഭാഗങ്ങളിൽപ്പെട്ട സ്കൂൾ കുട്ടികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പുകൾ ഏകീകരിക്കണം. ന്യൂനപക്ഷ ക്ഷേമത്തിനായുള്ള

കേന്ദ്ര വിഹിതം വെട്ടിക്കുറച്ചെങ്കിലും സംസ്ഥാന ബഡ്ജറ്റ് വിഹിതം 50 കോടി രൂപയിൽ നിന്നും 90 കോടി രൂപയായി ഉയർത്തിയത് സ്വാഗതാർഹമാണ്. പാലോളി കമ്മീഷൻ ശിപാർശകൾ നടപ്പാക്കുന്നതിനാവശ്യമായ നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. കിഫ്ബി നിയമത്തിൽ ഭേദഗതി വരുത്തി മുൻ സി.&എ.ജി. വിനോദ് റായിയെ ഉപദേശക സമിതി ചെയർമാനായി നിയമിച്ചു. പിന്നോക്ക വിഭാഗങ്ങൾക്കായുള്ള ആനുകൂല്യങ്ങൾക്ക് ന്യൂനപക്ഷ വിഭാഗങ്ങൾ അപേക്ഷിക്കാൻ പാടില്ലായെന്ന ഉത്തരവ് പിൻവലിക്കണം.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനം നേരിടുന്ന രൂക്ഷമായ വരൾച്ച തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ലോക ബാങ്കിന്റെയും നബാർഡിന്റെയും സഹായത്തോടെ നടപ്പാക്കേണ്ട ചില പദ്ധതികൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത് സംബന്ധിച്ച് പരിശോധന നടത്തണം. മേജർ ഇറിഗേഷൻ പ്രോജക്ടുകൾക്കായി നീക്കിവച്ച തുക അപര്യാപ്തമാണ്. പദ്ധതികൾ നടപ്പാക്കുന്നതിനാവശ്യമായ ഫണ്ട് കണ്ടെത്തുകയും അവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുകയും വേണം. നിലവിലുള്ള പദ്ധതികളുടെ മെയിന്റനൻസ് ശരിയായ രീതിയിൽ നടപ്പാക്കാത്തതിന്റെ ഫലമായി 40 ശതമാനത്തിലേറെ ജലം പാഴായിപ്പോകുകയാണ്. കനാലുകളുടെ മെയിന്റനൻസ് നടത്തുന്നതിന് തുക

വകയിരുത്തുകയും ഡിസ്ട്രിക്ട് ഇറിഗേഷൻ പ്ലാൻ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുകയും വേണം. സ്റ്റേറ്റ് ഇറിഗേഷൻ പ്ലാൻ സമർപ്പിച്ച് കൂടുതൽ ഫണ്ട് നേടിയെടുക്കുന്നതിനും പ്രോജക്ട് തയ്യാറാക്കി ജി.സി.എഫ്-ഗ്രാന്റ് ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

ശ്രീ. സി. കെ. ഹരീന്ദ്രൻ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സ്ത്രീകൾക്കായി പ്രത്യേക വകുപ്പ് രൂപീകരിക്കാനുള്ള തീരുമാനവും ജനസംഖ്യാ ശതമാനത്തിന്റെ അടിസ്ഥാനത്തിൽ എസ്.സി.പി/റ്റി.എസ്.പി-ഫണ്ടിലേയ്ക്ക് തുക അനുവദിച്ചതും സ്വാഗതാർഹമാണ്. കെ.എസ്.ആർ.ടി.സി.-ക്ക് 3,000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചതും തീരദേശ-മലയോര ഹൈവേയ്ക്ക് തുക അനുവദിച്ചതും സാമൂഹ്യ സുരക്ഷയുമായി ബന്ധപ്പെട്ട് വിവിധ പദ്ധതികൾ ആരംഭിക്കാനുമുള്ള തീരുമാനവും ശ്ലാഘനീയമാണ്.

പ്രൊഫ. കെ. യു. അരുണൻ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തികച്ചും ജനോപകാരപ്രദമായ ബഡ്ജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പുതിയ നികുതി നിർദ്ദേശങ്ങളൊന്നുമില്ലാതെ സാധാരണക്കാരെ സഹായിക്കുന്ന ബഡ്ജറ്റാണിത്. കിഫ്ബി വഴി നടപ്പിലാക്കുന്ന 10,000 കോടി രൂപയുടെ തീരദേശ-

മലയോര ഹൈവേകൾക്ക് വേണ്ടിയുള്ള ബോണ്ടുകൾ പൂർണ്ണമായും പ്രവാസി ചിട്ടി വഴി സമാഹരിക്കാൻ ലക്ഷ്യമിടുന്നത് സ്വാഗതാർഹമാണ്. ഭവനരഹിതരായ ഒരു ലക്ഷം പേർക്ക് വീട് നിർമ്മിച്ചുനൽകുമെന്ന പ്രഖ്യാപനവും എസ്.സി.പി./റ്റി.എസ്.പി ഘടകങ്ങൾക്ക് തുക നീക്കിവച്ചതും പ്രവാസി പെൻഷൻ രണ്ടായിരം രൂപയാക്കി വർദ്ധിപ്പിച്ചതും ശ്ലാഘനീയമാണ്. അഴീക്കോട്-മുനമ്പം പാലത്തിന് 160 കോടി രൂപ അനുവദിച്ച നടപടി അഭിനന്ദനാർഹമാണ്.

<u>ശ്രീ. കെ. കുഞ്ഞിരാമൻ</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കാസർഗോഡ് പാക്കേജിന് 90 കോടി രൂപയും കാസർഗോഡ്നിന്നും ബാംഗ്ലൂർ വരെയുള്ള റോഡിന്റെ വികസനത്തിന് 50 കോടി രൂപയും അനുവദിച്ച നടപടി സ്വാഗതാർഹമാണ്. പ്രവാസി പെൻഷൻ 2000/- രൂപയായി വർദ്ധിപ്പിച്ചതും പ്രവാസികളുടെ ക്ഷേമം, മരണാനന്തര ചടങ്ങുകൾ, വിവാഹ ധനസഹായം എന്നിവയ്ക്ക് ബഡ്ജറ്റിൽ തുക നീക്കിവച്ചതും അഭിനന്ദനാർഹമാണ്. റബ്ബറിന്റെ വിലത്തകർച്ച തടയുന്നതിനും ക്ഷീരസംഘങ്ങളുടെ വികസനത്തിനും നെല്ല് സംഭരണത്തിനും ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടുണ്ട്. ക്ഷീര കർഷക പെൻഷൻ 1100/- രൂപയായി വർദ്ധിപ്പിച്ചതുമം കർഷക പെൻഷൻ അനുവദിക്കുമെന്ന പ്രഖ്യാപനവും ശ്ലാഘനീയമാണ്. കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണത്തിന് 3000 കോടി രൂപ അനുവദിച്ച നടപടി ശ്ലാഘനീയമാണ്. ഭവന രഹിതരായ ഒരു

ലക്ഷം പേർക്ക് വീടുവച്ചുനൽകുമെന്നും സർക്കാർ സ്കൂളുകളിൽ 45000 ക്ലാസ് റൂമുകൾ ഹൈടെക് ആക്കുമെന്നുമുള്ള പ്രഖ്യാപനങ്ങൾ പ്രശംസനീയമാണ്. ആരോഗ്യ വകുപ്പിൽ ഡോക്ടർമാരുടേതുൾപ്പെടെ പുതിയ തസ്തികകൾ സൃഷ്ടിക്കുമെന്ന പ്രഖ്യാപനവും പാവപ്പെട്ടവർക്ക് സൗജന്യ മരുന്ന് വിതരണത്തിന് തുക അനുവദിച്ച നടപടിയും സ്വാഗതാർഹമാണ്. തീരദേശ മേഖലയുടെ വികസനത്തിനായി ബഡ്ജറ്റിൽ 216 കോടി രൂപ നീക്കിവയ്ക്കുകയും ആറ് പുതിയ റവന്യൂ ജില്ലകൾ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): റോഡ് വികസനത്തിനായി ചില മേഖലകളിൽ കൂടുതൽ പണം അനുവദിക്കണമെന്ന അംഗങ്ങളുടെ ആവശ്യം പരിഗണിക്കുന്നതാണ്. കേരളത്തിന്റെ ഭൂപ്രകൃതിക്ക് മേജർ ഇറിഗേഷൻ പദ്ധതികൾ അനുയോജ്യമല്ലാത്തതിനാലാണ് മൈനർ ഇറിഗേഷൻ, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്ക് കൂടുതൽ തുക അനുവദിച്ചിട്ടുള്ളത്. സംസ്ഥാനത്തെ നദികളിൽ റെഗുലേറ്റർ സ്ഥാപിച്ച് ലിഫ്റ്റ് ഇറിഗേഷൻ വഴി കുടിവെള്ളം വിതരണം ചെയ്യുന്നത് സംബന്ധിച്ച് ആലോചിച്ചുവരികയാണ്. നിലവിലുള്ള ഡാമുകൾ റീഹാബിലിറ്റേറ്റ് ചെയ്ത് ഉപയോഗിക്കുന്നതിന് മുൻഗണന നൽകുന്നതാണ്. സംസ്ഥാനത്ത് നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കൂടുതൽ കേന്ദ്ര വിഹിതം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

സംസ്ഥാനത്ത് ചെറുകിട ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നടപ്പാക്കുന്നതിനും നീർത്തടങ്ങൾ സംരക്ഷിച്ചുകൊണ്ട് പരമാവധി ജലം സംഭരിക്കുന്നതിനുമാണ് ശ്രമിക്കുന്നത്. നിലവിലുള്ള സംവിധാനത്തിൽ പരിമിതികളുള്ളതിനാൽ കിഫ്ബി വഴിയുള്ള വൻകിട പ്രോജക്ടുകളുടെ നിർവ്വഹണ വേഗത വർദ്ധിപ്പിക്കുന്നതുസംബന്ധിച്ച് പരിശോധിക്കുന്നതാണ്. വികസന പദ്ധതികളുടെ നിർവ്വഹണത്തിൽ ജനപ്രതിനിധികളുടെ പങ്കാളിത്തമുണ്ടാകണം. കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭ്യമാകുകയാണെങ്കിൽ കൂടുതൽ വികസന പ്രവർത്തനങ്ങൾ വരുംവർഷങ്ങളിൽ നടത്താൻ സാധിക്കും. ക്ഷേമപെൻഷനുകൾക്കുവേണ്ടിയാണ് കൂടുതൽ തുകയും ചെലവഴിച്ചിട്ടുള്ളത്. ഈ ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും കാർഷികാദായ നികുതിയും

വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിദ്യാഭ്യാസം, കായിക വിനോദം, കല സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ

ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യുത

പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ചർച്ച കൂടാതെ പാസ്സാക്കേണ്ട മറ്റ് ധനാഭ്യർത്ഥനകളിന്മേലുള്ള ഉപധനാഭ്യർത്ഥനകളും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ ഉച്ചയ്ക്കുശേഷം 2.10-ന് പിരിഞ്ഞു.

******